

# വാസുപുരം
# സെന്റ് ആന്റണീസ് ഇടവക

വാസുപുരത്തെ കത്തോലിക്കരുടെ ആത്മീയ കാര്യങ്ങൾക്ക് 8 കിലോമീറ്റർ അകലെയുള്ള പേരാമ്പ്ര പള്ളിയേയാണ് ആശ്രയിച്ചിരുന്നത്. പേരാമ്പ്ര ഇടവകയുടെ ഭാഗമായിരുന്നു വാസുപുരം സമുദായം. കിഴക്കും പടിഞ്ഞാറും സമുദായങ്ങൾക്കായി രണ്ട് കപ്പേളകളും അന്ന് ഉണ്ടായിരുന്നു.

## പ്രാരംഭപ്രവർത്തനങ്ങൾ

1978 ജൂലായ് 27-ന് വാസുപുരത്തിന് സ്വന്തമായ ഒരു ദേവാലയം എന്ന ലക്ഷ്യം മുൻനിർത്തി മറ്റത്തൂർ വികാരി ബഹു. ജോസഫ് വെർജിൽ സി.എം.ഐ. അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വാസുപുരത്തെ 75 കുടുംബങ്ങൾ പങ്കെടുത്തു.

1978 സെപ്തംബർ 27-ാം തിയ്യതി പള്ളി പണിയുന്നതിന് വേണ്ടി വാങ്ങിയ സ്ഥലത്ത് ഒരു കുരിശ് സ്ഥാപിക്കുകയും 1978 നവംബർ 10-ന് അവിടെ ഒരു കപ്പേള പണിയുവാൻ തീരുമാനിക്കുകയും വി. അന്തോണീസിന്റെ നാമധേയത്തിലുള്ള കപ്പേള നിലവിൽ വരികയും ചെയ്തു. റവ. ഫാ. വെർജിൽ സി.എം.ഐ. തുടങ്ങിവച്ച പ്രവർത്തനം പൂർവ്വാധികം ഊർജ്ജസ്വലമാക്കിയത് പിന്നീട് മറ്റത്തൂർ പള്ളി വികാരിയായി വന്ന റവ. ഫാ. പോൾ ഇളംകുന്നപ്പുഴയാണ്.

## ദേവാലയ ആശീർവാദം

1981 ജനുവരി 17-ന് അഭിവന്ദ്യപിതാവ് മാർ ജെയിംസ് പഴയാറ്റിൽ പള്ളിയുടെ ആശീർവാദകർമ്മം നടത്തി. ഇതേ തുടർന്ന് എല്ലാ ഞായറാഴ്ചയും, ചൊവ്വാഴ്ചയും മാസത്തിലെ രണ്ടാം ശനിയാഴ്ചയും ദിവ്യബലിയും നൊവേനകളും നടന്നുവരുന്നു.

## ഇടവക, പ്രഥമവികാരി

ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷന്റെ 8.9.1981-ലെ DL-3/81, 669/81 കല്പനപ്രകാരം വാസുപുരത്തെ

വി. അന്തോണീസിന്റെ നാമധേയത്തിലുള്ള പള്ളിയെ 16.10.1981-ന് സ്വതന്ത്ര ഇടവകയായി ഉയർത്തി. ഇടവകയുടെ പ്രഥമ വികാരിയായി അന്നത്തെ മൂന്നുമുറി വികാരി റവ. ഫാ. സെബാസ്റ്റ്യൻ വലിയവീട്ടിലിനെ അഭിവന്ദ്യപിതാവ് നിയമിച്ചു.

1981 ഒക്ടോബർ 25-ന് ചേർന്ന പൊതുയോഗത്തിൽ വച്ച് മതബോധനാവശ്യത്തിനായി ഹാൾ പണിയുവാൻ തീരുമാനമെടുത്ത് പണി പൂർത്തിയാക്കി ആശീർവദിച്ചു. 1982-ൽ സിമിത്തേരി പണിത് വെഞ്ചിരിച്ചു.

## പുരോഗതിയുടെ പാതയിൽ

5.11.1992-ൽ ഫാ. ഡേവിസ് അമ്പൂക്കന്റെ നേതൃത്വത്തിൽ കൂടിയ പൊതുയോഗത്തിൽവച്ച് പള്ളിയുടെ മേല്ക്കൂര പുനർനിർമ്മാണത്തിന് തീരുമാനമെടുത്തു.

പാരിഷ് ഹാൾ പൊളിച്ചുമാറ്റി കൂടുതൽ സൗകര്യമുള്ള മറ്റൊന്ന് പള്ളിയുടെ പുറകിൽ പണിയാൻ സാധിച്ചു. പള്ളിയകത്തെ സ്ഥലപരിമിതി പരിഹരിക്കാൻ മുൻവശത്ത് ഒരു നടപ്പുരപണിയുവാനും ഈ കാലയളവിൽ കഴിഞ്ഞു.

1996 ജനുവരിയിൽ വികാരിയായി വന്ന റവ. ഫാ. സണ്ണി കളമ്പനാംതടത്തിലിന്റെ നേതൃത്വത്തിൽ സിമിത്തേരിയുടെ പുനർനിർമ്മാണം, പള്ളിയുടെ പുറകിൽ വൈദിക മന്ദിരം അതിന് മുകളിൽ ഒരു കോൺഫ്രൻസ് ഹാൾ എന്നിവയുടെ നിർമ്മാണം നടത്തുവാൻ കഴിഞ്ഞു.

6 കുടുംബയൂണിറ്റുകളിലായി 170 കുടുംബങ്ങൾ ഇടവകയിൽ ഉണ്ട്. സമർപ്പിത മേഖലയിലേയ്ക്ക് ഈ



വി. അന്തോണീസിന്റെ കപ്പേള



സെന്റ് മേരീസ് കപ്പേള



പാരിഷ് ഹാൾ

ഇടവകയിൽ നിന്ന് ദൈവവിളി സ്വീകരിച്ചവർ അവരുടെ ശുശ്രൂഷ നന്നായി തുടരുന്നു.

മഹാജൂബിലി സ്മാരകമായി നിർമ്മിച്ച അതിമനോഹരമായ സ്റ്റേജ് 2000 ജനുവരി 2-ന് അഭിവന്ദ്യപിതാവ് മാർ ജെയിംസ് പഴയാറ്റിൽ ആശീർവ്വദിച്ചു. ഇടവകയുടെ രജതജൂബിലി ആഘോഷത്തോടനുബന്ധിച്ച് പള്ളിയുടെ മുൻവശത്ത് സ്ഥിതിചെയ്തിരുന്ന കപ്പേള പൊളിച്ച് ഗേറ്റിന്റെ ഇരുവശങ്ങളിലായി സി.എൽ.സി., സി.വൈ.എം. എന്നീ സംഘടനകളുടെ സഹകരണത്തോടെ സെന്റ് ആന്റണീസ് കപ്പേളയുടെയും, സെന്റ് മേരീസ് കപ്പേളയുടെയും നിർമ്മാണം നടത്തുവാൻ കഴിഞ്ഞു. കൂടാതെ, നിലവിലുള്ള പാരിഷ്ഹാളിന്റെ സൗകര്യം വർദ്ധിപ്പിക്കാനും സാധിച്ചു. റവ. ഫാ. ജോഷി കല്ലേലിയുടെ സേവനകാലഘട്ടത്തിൽ പള്ളിയുടെ മദ്ബഹാ നവീകരിക്കുകയും ഫ്ളോറിങ്ങ് ടൈൽസ് ഇടുകയും ചെയ്തു.

ആദ്യകാലങ്ങളിൽ മറ്റത്തൂർ പള്ളിയുടെ ചാർജ്ജുള്ള കൊടകര പള്ളി വികാരിമാരായിരുന്നു ഇവിടത്തെ കാര്യങ്ങൾക്കായി നിയുക്തരായിരുന്നത്. ഇടവക രൂപീകരണം മുതൽ പത്തുവർഷം മൂന്നുമുറി പള്ളിയിലെ വികാരിമാരും 1992 മുതൽ മറ്റത്തൂർ പള്ളിയിലെ വികാരിമാരുമാണ് ഇവിടത്തെ കാര്യങ്ങൾക്ക് നേതൃത്വം നല്കുന്നത്.